# പതിമൂന്നാം കേരള നിയമസഭ
# എട്ടാം സമ്മേളനം

19.03.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 511

## ഇന്റഗ്രേറ്റഡ് കോഓപ്പറേറ്റീവ് ഡവലപ്മെന്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഇന്റഗ്രേറ്റഡ് കോഓപ്പറേറ്റീവ് ഡവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം വിശദമാക്കുമോ; | (എ) ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) ഇതിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തീരുമാനിച്ചിട്ടുണ്ട്. 1-)ം ഘട്ടം നടപ്പിലാക്കി 8 വർഷം പൂർത്തിയായാൽ എൻ.സി.ഡി.സി. യുടെ അനുമതിയോടുകൂടി 2-)ം ഘട്ടം ആരംഭിക്കാവുന്നതാണ്. ഇപ്പോൾ വയനാട് ജില്ലയിൽ ഇന്റഗ്രേറ്റഡ് കോഓപ്പറേറ്റീവ് ഡവലപ്മെന്റ് പ്രോജക്ടിന്റെ 2-)ം ഘട്ടം നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിൽ രണ്ടാം |

ഘട്ടം പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി. യുടെ അംഗീകാരത്തിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കണ്ണൂർ ഐ.സി.എം. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്മേലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിൽ 2-ാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) എന്തെല്ലാം കർമ്മ പദ്ധതികളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നിവയ്ക്ക് പുറമേ വിനോദസഞ്ചാരം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉൽപാദനവും വിതരണവും, ഗ്രാമീണ പാർപ്പിടം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് രണ്ടാം ഘട്ടം ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

(ഡി) ദേശീയ സഹകരണ വികസന കോർപ്പറേഷനും (എൻ.സി.ഡി.സി) സംസ്ഥാന സർക്കാരും ജില്ലാ സഹകരണ ബാങ്കും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ